# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2994** **18.06.2018-ൽ മറുപടിയ്ക്ക്**

**താനൂരിലെ മൽസ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) താനൂർ തീരദേശമേഖലയിലെ 50 മീറ്റർ പരിധിക്കുളളിൽ ഉൾപ്പെട്ട എത്ര മൽസ്യത്തൊഴിലാളി കുടുംബങ്ങളെയാണ് മാറ്റിപ്പാർപ്പിക്കാൻ തീരുമാനിച്ചിട്ടുളളത്; ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചു;വിശദാംശം ലഭ്യമാക്കുമോ; | എ) 2017-18 വർഷത്തിൽ ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം മലപ്പുറം ജില്ലയിൽ 50 മീറ്റർ പരിധിയ്ക്കുളളിൽ താമസിക്കുന്ന 367 കുടുംബങ്ങൾ ഉളളതായി കണ്ടെത്തിയിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ മാറി താമസിക്കാൻ തയ്യാറാകുന്ന മുഴുവൻ കുടുംബങ്ങളെയും മാറ്റി പാർപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനുളള വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളാകാൻ താനൂർ മേഖലയിൽ നിന്നും 20 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br>സുരക്ഷിത മേഖലയിൽ ഭൂമി കണ്ടെത്തി ഭവന നിർമ്മാണത്തിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതിയിൽ മലപ്പുറം ജില്ലയ്ക്ക് 51 യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനായി ജില്ലയിലാകെ 116 അപേക്ഷകൾ ലഭിച്ചതിൽ 11 അപേക്ഷകൾ താനൂർ മേഖലയിൽ നിന്നാണ്. തീരദേശത്ത് 50 മീറ്ററിനുളളിൽ താമസിക്കുന്നവരും സുരക്ഷിത മേഖലയിൽ സ്വന്തമായി ഭൂമി ഉളളവർക്ക് ഭവനം നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ 52 യൂണിറ്റുകൾ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇതിനായി ജില്ലയിൽ ആകെ 151 അപേക്ഷകൾ ലഭിച്ചതിൽ 9 അപേക്ഷകൾ താനൂർ മേഖലയിൽ നിന്നാണ്. |
| ബി) ഇവിടെയുളള മൽസ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദവിവരം നൽകാമോ; | ബി) പദ്ധതി പ്രകാരം ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുളള ധനസഹായത്തിനായി താനൂർ മേഖലയിലുളള 11 പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവരിൽ 9 പേർക്ക് ഭൂമി കണ്ടെത്തി രജിസ്ട്രേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി) | മേൽ സൂചിപ്പിച്ച പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | സി) തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാവും. |
| ഡി) | ഇത് വേഗത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | ഡി) മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതി ത്വരിതഗതിയിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ**